2 ടട1
8/2/16

കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ്- പ്രീമെട്രിക് സ്കോളർഷിപ്പ്- മുഖാരി - മൂവാരി സമുദായത്തിലെ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

===

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (സാധാ) നമ്പർ. 09/2016/പിസവിവ. തീയതി, തിരുവനന്തപുരം, 04.02.2016.

===

പരാമർശം:

1. സ. ഉ. (സാധാ) നം. 1616/2012/പി. സ. വി. വ. തീയതി 18/12/2012.
2. മുഖാരി-മൂവാരി സമുദായ സംഘം കാസറഗോഡ് ജില്ല സെക്രട്ടറി സമർപ്പിച്ച 21.06.2014-ാം തീയതിയിലെ നിവേദനം.
3. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 11.08.2014-ാം തീയതിയിലെ BCDD/A3/436/13 നമ്പർ കത്ത്.

**ഉത്തരവ്**

പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കായി 50% കേന്ദ്ര ധനസഹായത്തോടെ സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ടി സ്കോളർഷിപ്പിനുള്ള അർഹതാമാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നിലവിൽ സംസ്ഥാന ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കാണ് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകി വരുന്നത്.

2. കേന്ദ്ര ഒ.ബി.സി ലിസ്റ്റിലും സംസ്ഥാനത്തെ എസ്. ഇ. ബി. സി. ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള മുഖാരി/ മൂവാരി സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന ~~എന്ന~~ കാരണത്താൽ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് പരിഗണിച്ചിരുന്നില്ല. എന്നാൽ 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടി പദ്ധതിയിൽ മുഖാരി/മൂവാരി സമുദായത്തെ കൂടി ഉൾപ്പെടുത്തണമെന്ന് കാസർഗോഡ് ജില്ല മുഖാരി/മൂവാരി സമുദായ സംഘം സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3.കേന്ദ്ര ഒ.ബി.സി. ലിസ്റ്റിലും സംസ്ഥാനത്തെ എസ്. ഇ. ബി. സി. ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള ഈ സമുദായത്തെ 50% കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കുന്ന ഒ.ബി.സി. പ്രീമെട്രിക്ക് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് പരിഗണിക്കണമെന്ന് പരാമർശം (3) ലൂടെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറും അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 50% കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കുന്ന ഒ.ബി.സി. പ്രീമെട്രിക്ക് സ്കോളർഷിപ്പിന് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മറ്റു മാനദണ്ഡങ്ങൾക്ക് വിധേയമായി മുഖാരി/ മൂവാരി സമുദായത്തിലെ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഷെറിൻ ഫ്രാൻസിസ്. പി. എഫ്.**

ഗവൺമെൻറ് ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്,അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (No. 85954/WW2/2015-Fin, dated 06.01.2016)
വെബ് & ന്യൂമീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്. തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ